**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2236** **01-09-2022 - ൽ മറുപടിയ്ക്ക്**

**തെരുവുനായ ശല്യത്തിന് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തെരുവുനായ ശല്യത്തിന് പരിഹാരം കാണുന്നതിനായി അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പാക്കാൻ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും പേവിഷബാധ ഉന്മൂലനം ചെയ്യുന്നതിനുമായി ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയിലും സംയുക്ത പ്രോജക്ടിനായി ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ എ ബി സി പദ്ധതി നടത്തി വരുന്നുണ്ട്. ഒപ്പം പദ്ധതി സംസ്ഥാനത്തെമ്പാടും നടപ്പിലാക്കുന്നതിനായ് കുടുംബശ്രീ യൂണിറ്റുകൾ നിർവ്വഹണ ഏജൻസിയായി പ്രവർത്തിച്ചു തുടങ്ങിയിരുന്നു. എന്നാൽ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിലെ രജിസ്ട്രേഷൻ, ഈ മേഖലയിലെ തൊഴിൽ വൈദഗ്ധ്യം എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ച ബഹു. കേരള ഹൈക്കോടതി ടി വിഷയങ്ങളിൽ ആവശ്യമായ അന്വേ ഷണം നടത്തുന്നതിനും ആയതിൽ വ്യക്തത വരുന്നത് വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എബിസി പ്രോഗ്രാമിനു വേണ്ടി നിർവ്വഹണ ഏജൻസിയായ കുടുംബശ്രീക്ക് തുക കൈമാറുന്നത് തൽക്കാലം നിർത്തിവക്കുന്നതിനും നിർദ്ദേശിച്ച് WP(C)13204/2021 പെറ്റീഷനിൽ 19/07/2021 തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യങ്ങൾ |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി കാണുന്നു.<br><br>തദ്ദേശ സ്വയം ഭരണ വകുപ്പ് വികേന്ദ്രീകൃത ആസൂത്രണ കമ്മിറ്റിയുടെ ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാമുമായി ബന്ധപ്പെട്ടതീരുമാനങ്ങൾ നടപ്പിലാക്കി 23/08/2022 ൽ സ.ഉ(സാധാ) നം. 2065/2022/LSGD നമ്പറായി തദ്ദേശ സ്വയംഭരണ (ആർസി) വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി നടപ്പാക്കുന്നതിന് കുടുംബശ്രീയെ ഏൽപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് തെരുവ് നായകളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട എബിസി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത് കുടുംബശ്രീ മിഷനെയാണ്. എന്നാൽ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിലെ രജിസ്ട്രേഷൻ, ഈ മേഖലയിലെ തൊഴിൽ വൈദഗ്ധ്യം എന്നീ മാനദണ്ഡങ്ങൾ, പരിശോധിച്ച ബഹു. കേരള ഹൈക്കോടതി ടി വിഷയങ്ങളിൽ ആവശ്യമായ അന്വേഷണം നടത്തുന്നതിനും ആയതിൽ വ്യക്തത വരുന്നത വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എബിസി പ്രോഗ്രാമിനു വേണ്ടി നിർവഹണ ഏജൻസിയായ കുടുംബശ്രീക്ക് തുക കൈമാറുന്നത് തൽക്കാലം, നിർത്തിവക്കുന്നതിനും നിർദ്ദേശിച്ച് WP(C)13204/2021 പെറ്റീഷനിൽ 19/07/2021 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും കേരള സംസ്ഥാന മൃഗസംരക്ഷണ (എഫ്) വകുപ്പിൽ നിന്നുള്ള 27/12/2021-ലെ 474/2021/AHDനമ്പർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിലും കുടുംബശ്രീ യൂണിറ്റുകൾ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ സംസ്ഥാനത്തുടനീളം അനിമൽ ബർത്ത് കൺട്രോൾ നടപടി ക്രമങ്ങൾ നടത്തുന്നതിൽ നിന്ന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ വാക്സിൻ | (സി) | നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | കുത്തിവയ്പ്പ് നൽകുന്നതിനും തിരിച്ചറിയൽ ചിപ്പ് ഘടിപ്പിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ